Draft #2 of File 97985/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Oct-2025 03:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി .ആർക് കോഴ്സ് - 2014 അഡ്മിഷൻ ബാച്ച് (B.Arch 2011 Regulations) വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കുന്നതിനായി I & II, IV സെമസ്റ്റർ പരീക്ഷകൾക്കുള്ള ഒരു അവസരം കൂടി നൽകുവാൻ അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 9328/AC A 4/2025/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 07.10.2025

---

*പരാമർശം:*-1. 18.09.2025 തീയതിയിൽ ശ്രീ .അജ്മൽ വി എൻ സമർപ്പിച്ച അപേക്ഷ .

2. 06.10.2025 ലെ ബഹു . വൈസ് ചാൻസലറുടെ ഉത്തരവ്

**ഉത്തരവ്**

2014-19 കാലയളവിൽ KMEA College of Architecture ,Aluva കോളേജിൽ നിന്ന് ബാച്ച്ലർ ഓഫ് ആർക്കിടെക്ചർ കോഴ്സ് പൂർത്തിയാക്കിയ ശ്രീ .അജ്മൽ വി എൻ (PRN : 14054007) കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിലേക്കായി ടിയാൾക്ക് ഇനിയും വിജയിക്കാൻ സാധിക്കാഞ്ഞ I & II, IV സെമസ്റ്ററുകളിലെ പേപ്പറുകൾ എഴുതുവാൻ തനിക്ക് ഒരു അവസരം കൂടി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

B.Arch 2011 Regulations (2011 - 2018 അഡ്മിഷൻ ) Clause 3.4 പ്രകാരം പ്രസ്തുത പ്രോഗ്രാമിൽ ബിരുദം നേടുന്നതിനായി വിദ്യാർത്ഥി അഡ്മിഷൻ എടുത്തത് മുതൽ 10 വർഷത്തിനുള്ളിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം. ( "The Course should be completed within a period of 10 years since his/her first admission to B.Arch programme for the award of the degree"). ടി വിദ്യാർത്ഥിക്ക് സപ്ലിമെന്ററി അവസരം ഉൾപ്പെടെ എഴുതി കോഴ്സ് പാസ്സാകുന്നതിനുള്ള കാലാവധി 2024 വരെ ആയിരുന്നു. എന്നാൽ 2020 വർഷത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2014 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഒരു പരീക്ഷ അവസരം നഷ്ടപ്പെട്ടിരുന്നു .

കോവിഡ് മഹാമാരി മൂലം , 2020 വർഷത്തിൽ സർവകലാശാല സപ്ലിമെന്ററി പരീക്ഷകൾ നടത്തിയിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും, ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ചും , B.Arch - 2011 റെഗുലേഷൻസ് വ്യവസ്ഥയിൽ ഇളവ് നൽകി കൊണ്ട് , 2014 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് പ്രോഗ്രാം പൂർത്തിയാക്കുന്നതിന് വേണ്ടി

I & II, IV സെമസ്റ്റർ പരീക്ഷകൾക്കു ഒരു അവസരം കൂടി നൽകുന്നതിന് , വൈസ് ചാൻസലർ, മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 , അദ്ധ്യായം III പരിച്ഛേദം 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ചു പരാമർശം (2) ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പി എസ് ടു വി .സി /പി.വി.സി
2. പി .എ ടു രജിസ്ട്രാർ/പരീക്ഷ കൺട്രോളർ
3. എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാഡമിക് )
4. എ സി സി I / എ സി സി II സെക്ഷനുകൾ
5. EI 32/EA 1/EB /OQPM സെക്ഷനുകൾ
6. PRO സെക്ഷൻ /University Website / IQAC
7. റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 97985/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Oct-2025 03:31 PM - Page 2